# പോരൂർ ഗ്രാമ പഞ്ചായത്ത്

17-02-2026 തീയതിയിലെ 8/2026 നമ്പർ നോട്ടീസ് പ്രകാരം 18-02-2026 തീയതി 05:06 PM മണിക്ക് പഞ്ചായത്ത് ഹാളിൽ ചേർന്ന പോരൂർ ഗ്രാമ പഞ്ചായത്ത് യോഗത്തിന്റെ പ്രത്യേക യോഗത്തിന്റെ(അടിയന്തിര തീരുമാനം) 2-ാം നമ്പർ തീരുമാനം

**വിഷയം (ഫയൽ നമ്പർ - 4943442-2025)**

പോരൂർ ഗ്രാമപഞ്ചായത്തിലെ 2024-2025 സാമ്പത്തിക വർഷത്തെ കെ.എസ്.എ.ഡി ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

**തീരുമാനം**

1. 2024-25 സാമ്പത്തിക വർഷത്തെ കെ.എസ്.എ.ഡി. ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ മറുപടി ചർച്ച ചെയ്ത് അംഗീകരിച്ചു തീരുമാനിച്ചു.

| |
|---|
| **1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്** |
| ഓഡിറ്റ് സർട്ടിഫിക്കറ്റ് സംബന്ധിച്ച റിപ്പോർട്ട് യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.** |
| ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നത് സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. |
| **1-1-2 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.** |
| തുടർന്നുള്ള വർഷങ്ങളിൽ അപാകത പരിഹരിച്ച് വാർഷിക ധനകാര്യ പത്രിക സമർപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. |
| **1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം** |

| |
|---|
| കാഷ് ഫ്ലോ സ്റ്റേറ്റ്മെൻ്റ് സിസ്റ്റം ജനറേറ്റഡ് ആണെന്നും ആയതിലെ അപാകത സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് അപാകത പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. |
| **1-1-4 ഡപ്പോസിറ്റ് വർക്കിനായി നൽകിയ തുകകൾ വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്തില്ല** |
| ബാലൻസ് ഷീറ്റിൽ വാട്ടർ അതോറിറ്റിക്ക് നൽകിയ തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താൻ വിട്ടു പോയതാണെന്നും ടി അപാകത ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചു. |
| **1-2 ബജറ്റ്** |
| 1. ബജറ്റ് സംബന്ധിച്ച ഓഡിറ്റ് അവലോകനം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-3 സാമ്പത്തിക വിശകലനം** |
| സാമ്പത്തിക വിശകലനം വായിച്ച് അംഗീകരിച്ചു. |
| **1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)** |
| 1. ഫണ്ട് വിനിയോഗം സംബന്ധിച്ച ഓഡിറ്റ് അവലോകനം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-5 പദ്ധതി അവലോകനം.** |
| പദ്ധതി സംബന്ധിച്ച അവലോകനം യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-6 തൊഴിലുറപ്പ് പദ്ധതി.** |
| 1. തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച ഓഡിറ്റ് അവലോകനം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-7 ക്ഷേമപദ്ധതികൾ.** |

| |
|---|
| 1. തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് അവലോകനം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-8 ക്യാഷ് പരിശോധന** |
| പഞ്ചായത്തിലെ ക്യാഷ് വെരിഫിക്കേഷൻ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം ചർച്ച ചെയ്ത് അംഗീകരിച്ചു |
| **1-9 ആഭ്യന്തര നിയന്ത്രണം** |
| ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച ഓഡിറ്റ് വിശകലനം യോഗം വിശദമായി ചർച്ച ചെയ്തുകയും അപാകതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിനും തീരുമാനിച്ചു. |
| **1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം** |
| മറ്റു ഓഡിറ്റുകൾ സംബന്ധിച്ച ഓഡിറ്റ് അവലോകനം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-11 ഹെൽത്ത് ഗ്രാന്റ്-അവലോകനം** |
| ഹെൽത്ത് ഗ്രാൻറ് അവലോകനം സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണം യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **1-12 ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ** |
| ജലജീവൻ മിഷൻ പദ്ധതി സംബന്ധിച്ച ഓഡിറ്റ് വിശകലനം യോഗം ചർച്ച ചെയ്തു. ജലജീവൻ മിഷൻ പദ്ധതിയ്ക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി ഫണ്ട് ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെടുന്നുണ്ടെങ്കിലും ആയത് ഇന്നേവരെ ലഭ്യമായിട്ടില്ലെന്ന് യോഗം വിലയിരുത്തി. കൂടാതെ DPR പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായ 16 കോടിയോളമുള്ള ഭീമമായ തുക വകയിരുത്തുന്നത് അപ്രായോഗികമാണെന്നും യോഗം വിലയിരുത്തി. |
| **1-13 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ** |

1) മിത്ര ഇൻഡസ്ട്രീസ് ഫോർ ഇന്നവേറ്റീവ് ടെക്നോളജി എന്ന സ്ഥാപനം 2023-2024 കാലയളവോടെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണെന്ന് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടു. കോട്ടമ്മൽ ഫ്യുവൽസ് , പോരൂർ റൂറൽ നിധി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയത് അടവാക്കുന്ന മുറക്ക് രേഖകൾ ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതിനും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

2) ക്രമ നമ്പർ (2) ൽ ഗ്രാമപഞ്ചായത്തിലെ ശ്രീ.ഷിബിൻ പി (ഡ്രൈവർ) എന്നവർക്ക് 2024-2025 ഒന്നാം അർദ്ധവർഷത്തിൽ 120450/- രൂപയും രണ്ടാം അർദ്ധ വർഷത്തിൽ 118990 രൂപയും ഉൾപ്പെടെ ആകെ രൂപ 239440 ആണ് വരുമാനം ആയിട്ടുള്ളത്. ആയതു പ്രകാരമുള്ള തൊഴിൽ നികുതിയാണ് ഈടാക്കിയിട്ടുള്ളത് എന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടു. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

3) ക്രമ നമ്പർ (3) ൽ പോരൂർ ഗ്രാമപഞ്ചായത്തിലെ പുളിയക്കോട് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സെലോ അക്കാദമി എന്ന സ്ഥാപനത്തിൽ ജോലി ചെയ്യുന്ന 2 ജീവനക്കാർക്ക് അർദ്ധവാർഷിക വരുമാനം 10000/- ൽ താഴെ ആണെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളത് യോഗം ചർച്ച ചെയ്തു.ആയത് പ്രകാരം ടി സ്ഥാപനത്തിന് തൊഴിൽ നികുതി ഈടാക്കേണ്ടതില്ലെന്ന് യോഗം വിലയിരുത്തി. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

4) ക്രമ നമ്പർ (4) ൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾക്ക് എല്ലാം ജീവനക്കാരുടെ തൊഴിൽ നികുതി 2024-25 കാലയളവു മുതലുള്ളത് അടവാക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയത് അടവാക്കുന്ന മുറക്ക് രേഖകൾ ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതിനും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

5. റീനൂസ് പെയിന്റ്സ് ആന്റ് സാനിറ്ററീസ് എന്ന സ്ഥാപനത്തിൽ നിന്നും , R-G100303-25004414 റെസീപ്റ്റ് നമ്പർ പ്രകാരം 2160 രൂപയും , RAS TYRES എന്ന സ്ഥാപനത്തിൽ നിന്നും , R-G100303-25004434 റെസീപ്റ്റ് നമ്പർ പ്രകാരം 900 രൂപയും, AMPM FUELS എന്ന സ്ഥാപനത്തിൽ നിന്നും , R-G100303-25004462 റെസീപ്റ്റ് നമ്പർ പ്രകാരം 2520 രൂപയും തൊഴിൽ നികുതിയായി ഈടാക്കിയിട്ടുള്ളതായി യോഗം വിലയിരുത്തി,
സ്നേഹ വുഡ് വർക്സ്, മേലണ്ണം, മലബാർ ഫുഡ് പൂത്രക്കോവ്, ന്യൂ റോയൽ ബേക്സ് എന്നീ സഥാപനങ്ങളിൽ ഒരു അർദ്ധവർഷത്തിൽ തുടർച്ചയായി 60 ദിവസം ആളുകൾ ജോലി ചെയ്തിട്ടില്ലെന്നും ആയതിനാൽ തൌഴിൽനികുതി ഒഴിവാക്കിത്തരണമെന്നുള്ള കടയുടമകളുടെ രേഖാമൂലമുള്ള കത്ത് ഭരണസമിതി ചർച്ച ചെയ്തു. ടി സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതില്ലെന്ന് യോഗം വിലയിരുത്തി അൽനയീം റെസ്റ്റോറന്റ് അയനിക്കോട്, ശ്രീരാഗം വീഗൻ ഹൌസ് അയനിക്കോട് എന്നീ സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തിയിട്ടുള്ളതായും ഭരണസമിതി വിലയിരുത്തി. ബാക്കിയുള്ള സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും ആയത് അടവാക്കുന്ന മുറക്ക് രേഖകൾ ഓഡിറ്റ് മുമ്പാകെ ഹാജരാക്കുന്നതിനും ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**1-14 ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തൊഴിൽ നികുതി ഈടാക്കി**

പ്രത്യേക പരാമർശം ഇല്ല

**1-15 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന്  ലഭ്യമായില്ല.**

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി മരുന്നുകൾ ലഭ്യമായിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറക്ക് സ്റ്റോക്ക് ഇഷ്യൂ വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റു മുമ്പാകെ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചു തീരുമാനിച്ചു.

**1-16 കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി - നിർവ്വഹണത്തിലെ അപാകതകൾ.**

ഗ്രാമപഞ്ചായത്തിൻറെ ക്ഷീരകർഷകർക്കുള്ള കാലിത്തീറ്റ സബ്സിഡി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാലിത്തീറ്റ നിർമ്മിക്കുന്ന സർക്കാർ അംഗീകൃത കാലിത്തീറ്റ നിർമ്മാതക്കാളായ മിൽമ, കേരള ഫീഡ്സ് എന്നിവയെ സമീപിച്ച് കാലിത്തീറ്റ വിതരണത്തിനുള്ള റേറ്റ് ക്വട്ടേഷൻ ആവശ്യപ്പെടുകയും ആയവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇവ പരിശോധിച്ചതിൽ ക്ഷീര സംഘങ്ങൾക്ക് കാലിത്തീറ്റ വിതരണത്തിൽ കമ്പനികൾ സബ്സിഡി അനുവദിക്കുന്നതിനാൽ ക്വട്ടേഷനേക്കാൾ കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യാൻ കഴിയുമെന്ന് മനസിലാക്കാൻ സാധിച്ചു. ഈ സാഹചര്യത്തിൽ പദ്ധതി പണം കൊണ്ട് കൂടുതൽ തുക ഗുണഭോക്താക്കൾക്ക് സബ്സിഡി ഇനത്തിൽ നൽകാൻ സാധിക്കും എന്നതിനാലാണ് ക്ഷീര സംഘങ്ങളെ കാലിത്തീറ്റ വിതരണത്തിന് ചുമതലപ്പെടുത്തിയത് എന്ന് കാണിച്ച് നിർവ്വഹണോദ്യോഗസ്ഥൻ സമർപ്പിച്ച മറുപടി യോഗം വിശദമായി ചർച്ച ചെയ്യുകയും ആയത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. എന്നിരുന്നാലും തുടർ കാലങ്ങളിൽ പദ്ധതി നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്ടതാണെന്ന് നിർവ്വഹണോദ്യോഗസ്ഥനോട് നിർദ്ദേശം നൽകുന്നതിനും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും അപേക്ഷിച്ചു തീരുമാനിച്ചു.

**1-17 കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ  ഈടാക്കിയില്ല**

1) കുണ്ടടി കോളനി ഭവന സുരക്ഷ (344/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് കാലവർഷവും മെറ്റീരിയൽ കിട്ടുന്നതിനുള്ള താമസവും കൊണ്ടായതിനാൽ, കരാറുകാരൻറേതല്ലാത്ത കാരണത്താൽ ആണെന്ന് പോരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

2) തെയ്യത്തുംകുന്ന് കോളനി ഭവന സുരക്ഷ (345/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് അതിരു തർക്കവും മെറ്റീരിയൽ കിട്ടുന്നതിനുള്ള താമസവും കൊണ്ടായതിനാൽ, കരാറുകാരൻറേതല്ലാത്ത കാരണത്താൽ ആണെന്ന് പോരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

3)കുടുംബാരോഗ്യ കേന്ദ്രം ഗെയ്റ്റ് ഗാർഡൻ ഇന്റർലോക്ക് സൌകര്യം ഒരുക്കൽ (283/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് കാലവർഷവും മെറ്റീരിയൽ കിട്ടുന്നതിനുള്ള താമസവും കൊണ്ടായതിനാൽ, കരാറുകാരന്റേതല്ലാത്ത കാരണത്താൽ ആണെന്ന് പോരൂർ ഗ്രാമ

പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

4, തത്തംപറമ്പ് കോളനി ഭവന സുരക്ഷ (292/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് അതിരു തർക്കവും മെറ്റീരിയൽ കിട്ടുന്നതിനുള്ള താമസവും കൊണ്ടായതിനാൽ, കരാറുകാരന്റേതല്ലാത്ത കാരണത്താൽ ആണെന്ന് പോരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

5, ചെറുകോട് മലക്കൽ കോട്ടക്കുന്ന് റോഡ് പുനരുദ്ധാരണം (311/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ പ്രവൃത്തികളോടനുബന്ധിച്ച് റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് കൊണ്ടായതിനാൽ, കരാറുകാരന്റേതല്ലാത്ത കാരണത്താൽ ആണെന്ന് പോരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

6, പുളിയക്കോട് മണിയാറംപൊയിൽ ചെട്ടിയാറമ്മൽ റോഡ് പുനരുദ്ധാരണം (310/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ പ്രവൃത്തികളോടനുബന്ധിച്ച് റീസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് കൊണ്ടായതിനാൽ, കരാറുകാരന്റേതല്ലാത്ത കാരണത്താൽ ആണെന്ന് പോരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

7, പൊറ്റയിൽ വിളക്കുചിറ പാലം പുനരുദ്ധാരണം (302/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് കാലവർഷം കൊണ്ടായതിനാൽ, കരാറുകാരന്റേതല്ലാത്ത കാരണത്താൽ ആണെന്ന് പോരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

8, ഗ്രാമപഞ്ചായത്ത് മീറ്റിങ്ങ് ഹാൾ നവീകരണം (333/25), എന്ന പദ്ധതി പൂർത്തീകരിക്കുവാൻ വൈകിയത് ജനപ്രതിനിധികൾക്ക് നവീകരണ പ്രവൃത്തികൾ സംബന്ധിച്ച് ഉണ്ടായ അഭിപ്രായ വ്യത്യാസം കാരണമാണെന്നും , കരാറുകാരൻറേതല്ലാത്ത കാരണത്താൽ ആണെന്നും പോരൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെടുകയും ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

**1-18 ആർട്ട്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് അനുമതി ഇല്ലാത്ത ഉപകരണങ്ങൾ വാങ്ങി**

അറിവില്ലായ്മ മൂലമാണ് ആർട്ട്കോയിൽ നിന്നും സർക്കാർ അനുമതി ഇല്ലാത്ത ഇനങ്ങൾ വാങ്ങിയതെന്നും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധചെലുത്തുന്നതാണെന്നും കാണിച്ച് മെഡിക്കൽ ഓഫീസർ സമർപ്പിച്ച മറുപടി യോഗം വിലയിരുത്തുകയും ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ആയത് പരിഗണിച്ച് ഒഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

**1-19 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു.**

1) പ്രോജക്ട് നമ്പർ 16/2025 പരിരക്ഷ പദ്ധതി പ്രകാരം ഇനിയും ലഭിക്കുവാനുള്ള 25823/- രൂപയുടെ മരുന്നുകളിൽ 26.11.2025 തിയ്യതിയിലെ 2564 നമ്പർ ഇൻവോയ്സ് പ്രകാരം 17609/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായത് യോഗം വിലയിരുത്തി.അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ കൂടി എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

2) പ്രോജക്ട് നമ്പർ 18/2025 കുടുബരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി പ്രകാരംഇനിയും ലഭിക്കുവാനുള്ള 1158453/- രൂപയുടെ മരുന്നുകളിൽ 22.10.2025 തിയ്യതിയിലെ 2223 നമ്പർ ഇൻവോയ്സ് പ്രകാരം 410760/- രൂപയുടേയും 22.12.2025 തിയ്യതിയിലെ 2908 ഇൻവോയ്സ് പ്രകാരം 29217/- രൂപയുടേയും മരുന്നുകൾ ലഭ്യമായതായി യോഗം വിലയിരുത്തി .അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ കൂടി എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

3) പ്രോജക്ട് നമ്പർ 23/2025 അതിദരിദ്രലിസ്റ്റിൽപ്പെട്ട രോഗികൾക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം ഇനിയും ലഭിക്കുവാനുള്ള 36932/- രൂപയുടെ മരുന്നുകളിൽ 29.01.2025 തിയ്യതിയിലെ 2594 നമ്പർ ഇൻവോയ്സ് പ്രകാരം 20917/- രൂപയുടെ മരുന്നുകൾ ലഭ്യമായതായി യോഗം വിലയിരുത്തി .അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ കൂടി എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനോട് നിർദ്ദേശിച്ച് തീരുമാനിച്ചു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചു തീരുമാനിച്ചു.

**1-20 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ തുക അടവാക്കി-വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.**

വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനുള്ള കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും യോഗം വിലയിരുത്തി.ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു..

**1-21 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി.**

അധികമായി നൽകിയ തുക തിരികെ ഈടാക്കിയതായി ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടു. ശ്രദ്ധകുറവ് മൂലം സംഭവിച്ച പ്രസ്തുത അപാകത പരിഹരിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു

**1-22 ടർഫുകൾക്ക് വസ്തു നികുതി-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.**

പഞ്ചായത്ത് പരിധിയിൽപ്പെടുന്ന ടർഫുകൾ കണ്ടെത്തി നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് യോഗം വിലയിരുത്തി. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചു തീരുമാനിച്ചു.

| |
|---|
| **1-23 അൺ എയ്ഡഡ് വിദ്യഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.** |
| പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട സർവ്വെ നിലവിൽ പൂർത്തിയായി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെ കണ്ടെത്തി നികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നുണ്ടെന്ന് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടു .ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **1-24 കെട്ടിടം ക്രമവൽക്കരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.** |
| പുതിയതായി നിർമ്മിച്ച കെട്ടിടത്തിൻ പെർമിറ്റ് എടുക്കുകയും പ്ലാൻ പ്രകാരമുള്ള ഏരിയ പരിശോധിച്ച് ആയത് പ്രകാരം അസ്സ്മെന്റിൽ രേഖപെടുത്തുകയും ചെയ്തിട്ടുള്ളതാണ് പരാമർശത്തിൽ ഏരിയയിൽ വ്യത്യാസം വന്നിട്ടുള്ള കെട്ടിടങ്ങൾ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വരുന്നതിന് മുമ്പ് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളാണ്. ആയതിനാലാണ് പ്രസ്തുത കെട്ടിടം ക്രമവൽക്കരിക്കാത്തത്. നിലവിൽ കെട്ടിടങ്ങൾ അളന്ന് തിട്ടപെടുത്തി സർവ്വെ നടന്നു വരികയാണെന്നും . ആയത് പ്രകാരം കെട്ടിടങ്ങളുടെ ഏരിയകൃത്യമാക്കുന്നതാണെന്നും യോഗം വിലയിരുത്തി . ആയത് പരിഗണിച്ച് ഓഡിറ്റ് പാരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **1-25 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്** |
| പോരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർവ്വെ നടന്നു വരുന്നു. കെ സ്മാർട്ടിൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനുള്ള സൌകര്യം നിലവിൽ ഇല്ല ആയത് വരുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് യോഗം വിലയിരുത്തി.ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **1-26 നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണം പരിശോധിക്കാതെ അധിക നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചു.** |
| പോരൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർവ്വെ നടന്നുവരുന്നുണ്ട്. കെ സ്മാർട്ടിൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനുള്ള സൌകര്യം നിലവിൽ വന്നിട്ടില്ല. ആയത് വരുന്ന മുറക്ക് ക്രമവൽക്കേണ്ടതായ എല്ലാ കെട്ടിടങ്ങളും ക്രമവൽക്കരിക്കുന്നതിന് തീരുമാനിച്ചു.ആയത് പരിഗണിച്ച് ഒഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |

**1-27 ഡപ്പോസിറ്റ് പ്രവൃത്തി - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.**

പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തിയാക്കുമെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടു. പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കി തരുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

**1-28 ലൈബ്രറി സെസ്സ് അടവാക്കൽ -സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.**

നിലവിൽ ലൈബ്രറി സെസ് അടവാക്കിയിട്ടുണ്ടെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടു. 2024-25 വർഷത്തെ ലൈബ്രറി സെസ് അടവാക്കാൻ K-SMART നിലവിൽ വന്നതിനു ശേഷം റിക്കവറികൾ എങ്ങനെ അടവാക്കണം എന്നുള്ള ധാരണ ഇല്ലാത്തതിനാലാണ് സമയബന്ധിതമായി തുക അടവാക്കാതിരുന്നതെന്നും ടി അപാകത ഇനി ആവർത്തിക്കാതിരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയും തീരുമാനിച്ചു. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

**1-29 സുലേഖ പ്രകാരമുള്ള ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കുന്നില്ല.**

Vr.No. 22401140/07.02.25 പ്രകാരം ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഇനത്തിൽ 465000/- രൂപ ഗുണഭോക്താക്കൾക്കായി ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൻറെ 2024-25 വർഷത്തെ പദ്ധതി നിർവ്വഹണത്തിൻറെ ചെലവ് പത്രികയിൽ ടി തുക ചെലവിനത്തിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ആയത് സാങ്കേതിക തകരാർ കാരണം ടി ചെലവ് പത്രികയിൽ യഥാർത്ഥ കണക്ക് പ്രതിഫലിക്കാത്തതാണെന്ന് യോഗം വിലയിരുത്തി. ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

**1-30 കുട്ടിപ്പാറ ഹരിജൻ കുടിവെള്ള പദ്ധതി - പഴയ മോട്ടോർ ലേലം ചെയ്തില്ല.**

പഞ്ചായത്ത് ലേലം ചെയ്തിരുന്നുവെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറായില്ല.നിലവിൽ പ്രസ്തുത മോട്ടോർ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും ആയത് വീണ്ടും ലേലം ചെയ്ത് വിൽപ്പന നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ടെന്നും ഭരണസമിതിക്ക് ബോധ്യപ്പെട്ടു. ലേലം നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റ് വിഭാഗത്തെ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു.

**1-31 സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പദ്ധതികൾ - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.**

2024-25 ൽ സെക്രട്ടറി നിർവ്വഹണം നടത്തിയ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ പദ്ധതികൾ പൂർത്തിയായിട്ടുള്ളതായി ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടു.ആയത് സംബന്ധിച്ച വിനിയോഗ

| |
|---|
| സാക്ഷ്യപത്രം ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റ് മുമ്പാകെ സമർപ്പിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **1-32 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ചെലവ് രേഖകൾ ഹാജരാക്കിയില്ല** |
| 2024 - 25 വർഷത്തിൽ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി പോരൂർ ഗ്രാമപഞ്ചായത്തിലെ 1, 8, 9, 10, 11, 14, 15, 16, 17 വാർഡുകൾക്ക് ലഭിച്ച 40,000 രൂപ ചിലവഴിച്ചതിന്റെ cashbook passbook വൗച്ചറുകൾ എന്നിവ യഥാസമയം കണ്ടെത്താൻ സാധിക്കാത്തതിനാലാണ് ഓഡിറ്റ് മുമ്പാകെ ഹാജരാക്കാൻ സാധിക്കാത്തത് എന്നും പ്രസ്തുത രേഖകൾ എല്ലാം പറയുന്ന സ്ഥലത്ത് ഹാജറാക്കാൻ തയ്യാറാണ് എന്നും നിർവ്വഹണോദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തത് ഭരണസമിതിക്ക് ബോധ്യപ്പെട്ടു.ആയത് ഇനി ആവർത്തിക്കാതിരിക്കാൻ നിർവ്വഹണോദ്യോസ്ഥന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.ആയത് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **1-33 അനുപൂരക പോഷകാഹാര വിതരണം - സ്റ്റോക്ക് വിതരണ രേഖകൾ ഹാജരാക്കേണ്ടതാണ്.** |
| പോരൂർ ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അങ്കണവാടികളിൽ വിതരണം നടത്തിയ ഭക്ഷ്യ വസ്തുക്കൾ സ്റ്റോക്കിൽ രേഖപ്പെടുത്താൻ വിട്ടു പോയത് സ്റ്റോക്ക് ബുക്കിൽ പേജ് നം-392 പ്രകാരം സ്റ്റോക്ക് അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് ഭരണസമിതിക്ക് ബോധ്യപ്പെട്ടു. ടി അപാകത തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥയോട് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു. രേകകളുടെ പകർപ്പുകൾ ഹാജരാക്കുന്നതിന് നിർവ്വഹണോദ്യോസ്ഥയോട് നിർദ്ദേശിച്ചും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ചും തീരുമാനിച്ചു. |
| **1-34 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അർഹമായ നിരക്കിലല്ല തുക അനുവദിച്ചത്.** |
| പോരൂർ ഗ്രാമപഞ്ചായത്തിലെ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് പ്രോജക്ട നം -138 എന്ന പദ്ധതിയിൽ ഫാത്തിമ സന ,റിയാസ് .കെ.പി ,ഷിജിൻഷാൻ.പി എന്നീ കുട്ടികളുടെ അപേക്ഷ ലഭിക്കാൻ വൈകിയതിനാൽ അർഹമായ തുക നൽകാൻ സാധിച്ചില്ല. കുറവ് വന്ന തുക 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ റിപ്പോർട്ട് യോഗം വിലയിരുത്തികയും ആയത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **1-35 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- അപാകതക്ക് വിശദീകരണം ലഭ്യമാക്കിയില്ല** |

| |
|---|
| 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നമ്പർ 270/2025 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പരാമർശിച്ച അപാകതകളിൽ സൂചിപ്പിച്ചിട്ടുള്ള ഗുണഭോക്താക്കളായ രമ (വാർഡ് 2) ,രാമചന്ദ്രൻ ( വാർഡ് 14) ,കുഞ്ഞാലൻ ( വാർഡ് 17) , അബ്ദുള്ള (വാർഡ് 17 ), സൈനബ (വാർഡ് 13 ) , ഫാത്തിമ സുഹ്റ ( വാർഡ് 13) എന്നിവർക്ക് യു .ടി .ആർ സ്റ്റേറ്റ്മെൻറ് പ്രകാരം തുക കൈമാറിയ ബാങ്ക് അക്കൗണ്ടുകൾ അവരുടേത് തന്നെയാണെന്ന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടു.മേൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പരാമർശിച്ച അപാകതകളിൽ സൂചിപ്പിച്ചിട്ടുള്ള അബ്ദുള്ള ( വാർഡ് 17),വിനീത ( വാർഡ് 2 ) എന്നവർ പോരൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിര താമസക്കാർ ആണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടായിരുന്നു എന്നും അതിൻറെ അടിസ്ഥാനത്തിൽ ആണ് തുക മാറി നല്കിയിട്ടുള്ളത് എന്നും നിർവഹണ ഉദ്യോഗസ്ഥൻറെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ യോഗം വിലയിരുത്തി. എന്നാൽ അപേക്ഷകളിൽ നൽകിയ പാസ് ബുക്ക് കോപ്പികൾ , യു .ടി .ആർ സ്റ്റേറ്റ്മെൻറ് പ്രകാരം തുക കൈമാറിയ ബാങ്ക് അക്കൗണ്ടുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ യോഗം നിർവഹണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകി തീരുമാനിച്ചു. ആനുകൂല്യം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളതായി ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ട സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന** |
| മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് വായിച്ച് അംഗീകരിച്ചു. |
| **4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം** |
| വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിൻറെ വിവരം സംബന്ധിച്ച വിശകലം പരിശോധിച്ച് അംഗീകരിച്ചു. |
| **4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.** |
| സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **4-4 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.** |
| ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ സംബന്ധിച്ച വിവരങ്ങൾ യോഗം പരിശോധിച്ച് അംഗീകരിച്ചു. |

| |
|---|
| **4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ** |
| മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ യോഗം പരിശോധിച്ച് അംഗീകരിച്ചു. |
| **4-6 വായ്പ /വായ്പ തിരിച്ചടവ്.** |
| വായ്പ /വായ്പ തിരിച്ചടവ് സംബന്ധിച്ച ഓഡിറ്റ് വിശകലനം യോഗം പരിശോധിച്ച് അംഗീകരിച്ചു. |
| **4-7 സ്ഥിര നിക്ഷേപങ്ങൾ.** |
| സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച് ഓഡിറ്റ് വിശകലനം യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. |
| **4-8 ഓഡിറ്റ് റിക്കവറി** |
| ഓഡിറ്റ് റിക്കവറി സംബന്ധിച്ച സംബന്ധിച്ച വിവരങ്ങൾ യോഗം വായിച്ച് അംഗീകരിച്ചു. |
| **4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.** |
| സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം യോഗം പരിശോധിച്ച് അംഗീകരിച്ചു. |
| **4-10 ചാർജ് സർചാർജ് നടപടികളുടെ വിവരം.** |
| ചാർജ് സർചാർജ് എന്നിവയുമായി ബന്ധപ്പെട്ട് ശ്രീ.നീലകണ്ഠൻ ഹെഡ് ക്ലർക്ക് എന്നവരിൽ നിന്നും 5500/- രൂപ ഈടാക്കി പഞ്ചായത്തിൽ ഫണ്ടിൽ അടവാക്കിയതായി ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടു.ആയത് പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷിച്ച് തീരുമാനിച്ചു. |
| **4-11 ഓഡിറ്റ് പ്രത്യവലോകനം.** |
| ഓഡിറ്റ് പ്രത്യവലോകനം. യോഗം വായിച്ച് അംഗീകരിച്ചു. |

| |
|---|
| **4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ** |
| തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റുകൾ സംബന്ധിച്ച വിശകലനം യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു. |

PUSHPAVALLI
President

**ശരിപകർപ്പ്**
**സെക്രട്ടറി**